(സി) കടമായി കൊടുത്ത തുകയിൽ തിരിച്ചടച്ചത് എത്ര; അതിൽ മുതൽ എത്ര; പലിശ എത്ര;

(ഡി) തിരിച്ചടക്കേണ്ട തുക എത്ര?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ അധികൃത മൂലധനം 50 ലക്ഷം രൂപയാണ്. ഇതിൽ 26 ലക്ഷം രൂപ കമ്പനിയ്ക്കു കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

(ബി) ഇതുവരെ കടമായി ഈ സ്ഥാപനത്തിന് 82,40,000 രൂപ ഗവൺമെൻറ് നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു:

		രൂപ
1969—70		ഇല്ല
1970—71		3,00,000
1971—72		7,00,000
1972—73		2,50,000
1973—74		8,00,000
1974—75		5,00,000
1975—76		7,00,000
1976—77		17,00,000
1977—78		27,00,000
1978—79	(7.3.79 വരെ)	4,90,000
	ആകെ	82,40,000

(സി) കടമായി കൊടുത്ത തുകയിൽ ഇതുവരെയായി 37,57,164.05 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇതിൽ 25,70,513.23 രൂപ മുതലും 11,26,650.62 രൂപ പലിശയും ആകുന്നു.

(ഡി) ഇനി തിരിച്ചടയ്ക്കാനുള്ള തുക 56,67,406.77 രൂപയാണ്.

പെൻഷൻ ലഭിക്കുന്ന ഗവൺമെൻറ് ജീവനക്കാർ

872 [1344] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റിട്ടയർ ചെയ്ത എത്ര ഗവൺമെൻറ് ജീവനക്കാർക്ക് ഇപ്പോഴും പെൻഷൻ നൽകുന്നുണ്ട്;

(ബി) അവർക്ക് ഒരു വർഷം നൽകുന്ന പെൻഷൻ സംഖ്യ മൊത്തം എത്രയാണ്;

(സി) പെൻഷൻ ബാങ്കുകളിലൂടെ വിതരണം ചെയ്യാൻ പരിപാടിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ ഡിസംബർ 1978 വരെ 52,424 പേർക്ക് സർവ്വീസ് പെൻഷനും 16,442 പേർക്ക് കുടുംബ പെൻഷനും നൽകിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് ഈ വർഷം എത്ര തുക നൽകി എന്നത് തിട്ടപ്പെടുത്തി പറയാൻ നിവർത്തിയില്ല. കഴിഞ്ഞ സാമ്പത്തിക വർഷം 779.87 ലക്ഷം രൂപ സർവ്വീസ് പെൻഷനായും 95.64 ലക്ഷം രൂപ കുടുംബ പെൻഷനായും നൽകിയിട്ടുണ്ട്.

(സി) ട്രഷറിയിൽനിന്നും അവരവരുടെ ഇഷ്ടാനുസരണം പെൻഷൻ തുക മണി ഓർഡറായോ നേരിട്ടോ വാങ്ങാനുള്ള വ്യവസ്ഥയാണിപ്പോഴുള്ളത്. ഇതിനു പുറമേ ആർക്കെങ്കിലും പൊതു മേഖലാ ബാങ്കുകൾ വഴി പെൻഷൻ വാങ്ങണമെന്നുണ്ടെങ്കിൽ അതു തത്വത്തിൽ അംഗീകരിച്ചു കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ വിശദാംശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളു.

കൺസൽട്ടേറ്റീവ് കമ്മറ്റി യോഗം

873 [1345] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ മന്ത്രിയുടെ വകുപ്പുകൾക്കു വേണ്ടി സംഘടിപ്പിച്ചിരിക്കുന്ന കൺസൽട്ടേറ്റീവ് കമ്മിറ്റി കഴിഞ്ഞ ഒരു വർഷത്തിൽ എത്ര പ്രാവശ്യം കൂടുകയുണ്ടായിട്ടുണ്ട്;

(ബി) ''കൺസൽട്ടേറ്റീവ് കമ്മിറ്റി'' എന്തു ഉദ്ദേശത്തോടെയാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കമ്മിറ്റി മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും കൂടുവാനുള്ള നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) ധനകാര്യ മന്ത്രിയുടെ ചുമതലയിലുള്ള വകുപ്പുകൾക്കു വേണ്ടി രൂപീകൃതമായിട്ടുള്ള കൺസൽട്ടേറ്റീവ് കമ്മിറ്റി കഴിഞ്ഞ ഒരു വർഷത്തിൽ കൂടിയിട്ടില്ല.

(ബി) ഓരോ മന്ത്രിയുടേയും നിയന്ത്രണത്തിലുള്ള വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുകയും അവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വരൂപിക്കുകയും അഭിപ്രായ രൂപീകരണം നടത്തുകയുമാണ് കൺസൽട്ടേറ്റീവ് കമ്മിറ്റികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഈ കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ കൂടണമെന്ന നിർബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly